## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 13.12.2025 മുതൽ 17.12.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2025 (99) വെള്ളിയാഴ്ച്ച | തീയ്യതി 12/12/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 13.12.2025 | 14.12.2025 | 15.12.2025 | 16.12.2025 | 17.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 3 | 3 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 110 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 2 | 2 | 3 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) ചിനപ്പ് പൊട്ടുന്ന പരുവം | ഇലചുരുട്ടി പുഴു | വരമ്പ് ചെത്തി വൃത്തിയാക്കുകയും കളകളെ നിയന്ത്രിക്കുകയും ചെയ്യുക. ശലഭങ്ങളെ കണ്ടുതുടങ്ങുമ്പോൾ ട്രൈക്കോഗ്രാമ കൈലോണിസ് എന്ന പരാദത്തിൻറെ മുട്ടകാർഡുകൾ (ഒരു ഹെക്ടറിലേക്ക് 5cc കാർഡ്) ഉപയോഗിക്കുക. വിളക്കുകെണികൾ സ്ഥാപിക്കുക. |
| ഇഞ്ചി | ഫ്യൂസേറിയം അഴുകൽ | രോഗബാധിതമായ ചെടികൾ പറിച്ചു നീക്കി നശിപ്പിച് ചെമ്പ് സംയുക്തമോ 1% ബോർഡോ മിശ്രിതമോ 0.3% മാങ്കോസെബോ ഒഴിച്ച് മണ്ണ് കുതിർക്കുക. |
| ശീതകാല പച്ചക്കറികൾ | പരിപാലനം | പറിച്ചുനട്ടു ഒരാഴ്ച കഴിയുമ്പോ ഒന്നാം വളം കൊടുക്കുക. സെൻറ്റിനു 650 ഗ്രാം യൂറിയ, 2 കി.ഗ്രാം രാജ്‌ഫോസ്, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക. ഒരു മാസം കഴിഞ്ഞു സെൻറ്റിനു 650 ഗ്രാം യൂറിയ, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക |

മത്സ്യ കൃഷി-മത്സ്യ കൃഷി- കാർപ് മത്സ്യങ്ങളായ കട്‌ള, റോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ്, കോമൺ കാർപ്പ് എന്നീ ഇനങ്ങളെ ശുദ്ധ ജലത്തിൽ ചെയ്യാവുന്നതാണ്. ഇത് കൂടാതെ തിലാപ്പിയ, അനാബസ്, ആസ്സാം വാള, കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളെയും ശുദ്ധജലത്തിൽ കൃഷി ചെയ്യാവുന്നതാണ്. .